"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ക്ലീൻ കേരള കമ്പനിയും യുണൈറ്റഡ് നേഷൻസ് ഡെവലപ്മെൻറ് പ്രോഗ്രാമും (UNDP) ഹരിതകേരളം മിഷന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് - മോണിറ്ററിങ് - കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

G.O.(Rt)No.480/2021/LSGD തീയതി,തിരുവനന്തപുരം, 17/02/2021

പരാമർശം:- 1 14.12.2019 ലെ G.O(Rt) No.2849/2019/LSGD നമ്പർ ഉത്തരവ്

2 ക്ലീൻ കേരള കമ്പനി മാനേജിങ് ഡയറക്ടറുടെ 23.11.2020-ലെ E2/CKCL/2020 നമ്പർ കത്ത്

**ഉത്തരവ്**

ക്ലീൻ കേരള കമ്പനിയും യുണൈറ്റഡ് നേഷൻസ് ഡെവലപ്മെൻറ് പ്രോഗ്രാമും (UNDP) ഹരിതകേരളം മിഷന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പദ്ധതിക്ക് പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി ഏറ്റവും കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് വേണ്ടുന്ന സഹായസഹകരണങ്ങൾ ബന്ധപ്പെട്ട കാര്യാലയങ്ങളുമായുള്ള കൂട്ടായ പ്രവർത്തനങ്ങളിലൂടെ മാത്രം സാധ്യമാവുന്നതായതിനാൽ തദ്ദേശസ്വയംഭരണ വകുപ്പ്, ക്ലീൻ കേരള കമ്പനി, ഹരിതകേരളം മിഷൻ, യു.എൻ.ഡി.പി, ശുചിത്വമിഷൻ, പൊല്യൂഷൻ കൺട്രോൾ ബോർഡ്, തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ, കുടുംബശ്രീ മിഷൻ എന്നിവയിലെ പ്രതിനിധികൾ ഉൾപ്പെട്ടതും, ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ്ചെയർപേഴ്സൺ അദ്ധ്യക്ഷയായും ഒരു മോണിറ്ററിങ് കമ്മിറ്റി രൂപീകരിക്കുന്നത് ഉചിതമായിരിക്കുമെന്നു ക്ലീൻ കേരള കമ്പനി മാനേജിങ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ഇപ്രകാരം രൂപീകരിക്കുന്ന മോണിറ്ററിങ് കമ്മിറ്റിക്ക് പദ്ധതിയുടെ ഫലപ്രദമായ ഏകോപനത്തിനും കാര്യക്ഷമമായ നടത്തിപ്പിനും വേണ്ടുന്ന നടപടികൾ സ്വീകരിക്കുന്നതോടൊപ്പം പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ നേരിട്ടേക്കാവുന്ന വെല്ലുവിളികളെയും പ്രതിസന്ധികളെയും മറികടക്കാനുള്ള ഇടപെടലുകൾ നടത്തുവാൻ കഴിയുമെന്നതിനാലും മാലിന്യ നിർമാർജനവും സംസ്കരണവുമായി ബന്ധപ്പെട്ട നിയമങ്ങൾ നടപ്പിലാക്കൽ, ബോധവൽക്കരണം എന്നീ മേഖലകളിൽ നേരിടുന്ന ബുദ്ധിമുട്ടുകളും സംബന്ധിച്ച് ചർച്ച ചെയ്ത് നടപടി സ്വീകരിക്കുവാൻ കഴിയും എന്നതിനാലും പ്രസ്തുത മോണിറ്ററിങ് കമ്മിറ്റി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ക്ലീൻ കേരള കമ്പനി മാനേജിങ് ഡയറക്ടർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ക്ലീൻ കേരള കമ്പനിയും, യുണൈറ്റഡ് നേഷൻസ് ഡെവലപ്മെൻറ് പ്രോഗ്രാമും (UNDP) ഹരിതകേരളം മിഷന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ്ചെയർപേഴ്സന്റെ അദ്ധ്യക്ഷതയിൽ തദ്ദേശസ്വയംഭരണ വകുപ്പ്, ക്ലീൻ കേരള കമ്പനി, ഹരിതകേരളം മിഷൻ, യു.എൻ.ഡി.പി, ശുചിത്വമിഷൻ, പൊല്യൂഷൻ കൺട്രോൾ ബോർഡ്, തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ, കുടുംബശ്രീ മിഷൻ

എന്നിവയിലെ ബന്ധപ്പെട്ട പ്രതിനിധികളെ ഉൾപ്പെടുത്തി മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
R S KANNAN
SPECIAL SECRETARY

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ
മെമ്പർ സെക്രട്ടറി, മലിനീകരണ നിയന്ത്രണ ബോർഡ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
സെക്രട്ടറി, തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ
മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി
മേധാവി, സർക്കുലാർ ഇക്കോണമി, യു.എൻ.ഡി.പി., ഇന്ത്യ (ക്ലീൻ കേരള കമ്പനി മുഖാന്തരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്